പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 232

01.12.2014 ൽ മറുപടിയ്ക്ക്

## ഓപ്പറേഷൻ കുബേര

## ഓപ്പറേഷൻ കുബേര - ആലപ്പുഴ ജില്ല

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി. സുധാകരൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ഓപ്പറേഷൻ കുബേര പ്രകാരം ആലപ്പുഴ ജില്ലയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; | (എ) ഓപ്പറേഷൻ കുബേര പ്രകാരം ആലപ്പുഴ ജില്ലയിൽ 203 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 95 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കൂടാതെ, 84 പേർ കോടതി മുഖേന ജാമ്യം നേടിയിട്ടുണ്ട്. കേസുകളുടെ വിശദാംശങ്ങൾ അനുബന്ധം-എ ആയി ചേർത്തിട്ടുണ്ട്. |
| (ബി) പ്രസ്തുത ജില്ലയിലെ അംഗീകൃത പണമിടപാട് സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കാമോ; അംഗീകൃത പണമിടപാട് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (ബി) അംഗീകൃത പണമിടപാട് സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധം-ബി ആയി ചേർത്തിട്ടുണ്ട്. റിസർവ്വ് ബാങ്കിന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചും പണമിടപാട് സ്ഥാപനങ്ങളെ സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ നിയമങ്ങൾക്ക് അനുസരിച്ചുമാണ് ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നത്. |
| (സി) ഓപ്പറേഷൻ കുബേര പ്രകാരം നടപടികൾ സ്വീകരിക്കുമ്പോൾ വൻ ഇടപാടുകാർ ഒഴിവാക്കപ്പെടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആക്ഷേപം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) ഓപ്പറേഷൻ കുബേര പ്രകാരം നടപടികൾ സ്വീകരിക്കുമ്പോൾ വൻ ഇടപാടുകാരെ ഒഴിവാക്കിയിട്ടില്ല. ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**